(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ധനകാര്യ വകുപ്പിൽനിന്നുള്ള പ്രസിദ്ധീകരണങ്ങൾ

1(4111) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്; നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരള സർവ്വീസ് ചട്ടങ്ങൾ (വാല്യം ഒന്ന്)
2. കേരള സർവ്വീസ് ചട്ടങ്ങൾ (വാല്യം രണ്ട്)
3. കേരള ധനകാര്യ കോഡ് (വാല്യം ഒന്ന്)
4. കേരള ധനകാര്യ കോഡ് (വാല്യം രണ്ട്)
5. കേരള ട്രഷറി കോഡ് (വാല്യം ഒന്ന്)
6. കേരള ട്രഷറി കോഡ് (വാല്യം രണ്ട്)
7. കേരള ബഡ്ജറ്റ് മാനുവൽ
8. കേരള അക്കൗണ്ട് കോഡ് (വാല്യം ഒന്ന്)
9. കേരള അക്കൗണ്ട് കോഡ് (വാല്യം രണ്ട്)
10. കേരള അക്കൗണ്ട് കോഡ് (വാല്യം മൂന്ന്)
11. കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ്
12. ബുക്ക് ഓഫ് ഫോംസ്

നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ട്. ധനകാര്യ വകുപ്പിനുകീഴിലെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) അതിന്റെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ പുരോഗതിയും സംബന്ധിക്കുന്ന വിവരങ്ങൾ ജനങ്ങളിലേയ്ക്കും ജനപ്രതിനിധികളിലേയ്ക്കും എത്തിക്കുന്നതിന്റെ ഭാഗമായി ന്യൂസ് ലെറ്ററുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ 2019-ലും 2020-ലും വകുപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുന്ന കോഫീടേബിൾ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കും നോട്ടീസുകൾക്കും പത്ര പരസ്യങ്ങൾക്കും ക്ഷണക്കത്ത്, ആശംസാകാർഡ് എന്നിവയുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്ര വീതമാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സിൽനിന്നാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. വിവിധ ടഷറികൾക്കായി നിർമ്മിച്ച 12 പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നോട്ടീസ് അച്ചടിക്കുന്നതിന് 11,490 രൂപ ടഷറി വകുപ്പിന് ചെലവായിട്ടുണ്ട്. ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾക്കായി സർക്കാർ ഖജനാവിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ധനകാര്യ വകുപ്പിനുകീഴിലെ ദേശീയസമ്പാദ്യ വകുപ്പിൽ പത്രപരസ്യങ്ങൾക്കായി ചുവടെ ചേർത്തിരിക്കുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	സാമ്പത്തിക വർഷം	തുക
1	2020-21	3,56,626 രൂപ
2	2019-20	5,50,478 രൂപ
3	2018-19	3,03,094 രൂപ
4	2017-18	10,55,736 രൂപ
5	2016-17	3,44,630 രൂപ
	ആകെ	26,10,564 രൂപ

(സി) പ്രസ്തുത കാലയളവിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടിയുള്ള പരസ്യങ്ങൾക്കും അനൗൺസ്മെന്റുകൾക്കും മറ്റ് പ്രചരണ പരിപാടികൾക്കുമായി ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയാണ്; ഇനംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പിൽ ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കിഫ്ബി 70,40,24,809.73 രൂപ പരസ്യ പ്രചരണത്തിനായി ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കാലയളവിൽ യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ മറ്റ് പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തൊട്ടാകെ മലയാള ഭാഷാ വാരാചരണവുമായി ബന്ധപ്പെട്ട് 4,09,039 രൂപയും മറ്റ് പൊതുപരിപാടികൾക്കായി 1,02,714 രൂപയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടഷറി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് നിലവിൽ 64338.73 കോടി രൂപയുടെ 918 കിഫ്ബി പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയൊരു ധനസമാഹരണത്തിന് സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിക്ക് ആശ്രയിക്കേണ്ടിവരുന്നുണ്ട്. മികച്ച പലിശ നിരക്കിൽ വലിയ വായ്പകൾ ഉറപ്പു വരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ്ണ പിന്തുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവച്ച് പൊതുജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധപൂർവ്വമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപകരിലേയ്ക്കും കൂടുതൽ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനായുമുള്ള കർമ്മപദ്ധതികൾ കിഫ്ബിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി വിവിധ വേദികളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു സംവിധാനം നിക്ഷേപകർക്കും പൊതുജനത്തിനും കിഫ്ബിയിലുള്ള വിശ്വാസ്യത വളർത്തുന്നതിന് സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾക്കായി നാളിതുവരെ 14.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പൊതുമേഖലയിലെ ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ

2(4112) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായാണ് ഇവയിൽ ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly